# പള്ളികഥകൾ

## മിനികഥകൾ ഇരുപത്തിയൊന്നത് 

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫച്ചൻ സ്വതസിദ്ധമായ ചിരിയോടെ പുതിയ കഥ പറയാൻ തുടങ്ങി. സഭാ പാരമ്പര്യപ്രകാരം സഭാ വിശ്വാസം ജനങ്ങളിൽ മുടങ്ങാതെ കിടക്കണമെന്ന വിശ്വാസത്തോടെയുള്ള കഥയാണ് ഇന്ന് പറയാൻ തുടങ്ങിയത്.

## പാരമ്പര്യ കർമ്മങ്ങൾ

‘‘കേട്ടോ, അച്ചാ, നല്ല ഒന്നാംതരം ഏരിയായിൽ പ്രത്യേകം പറഞ്ഞ് കസ്റ്റമൈസഡായ് പണി കഴിപ്പിച്ച പുത്തൻ വീടല്ല്യോ!, അതും ഫൈഹൺഡ്രഡ് തൌസണ്ടിന്റെ നല്ല ഒന്നാം തരം മണി മാളിക. ഇപ്പോ അടുക്കള നിറച്ച് ഉറുമ്പിന്റെ, കുഞ്ഞ് ഉറുമ്പിന്റെ ശല്ല്യം കൊണ്ട് ഇരിക്കപ്പൊറുതി മുട്ടി. ചെയ്യാവുന്ന എല്ലാ പണികളും ചെയ്തു നോക്കി. ഒരു ഫലവുമില്ല. അന്നേരമത് ചത്തൊടുങ്ങും. പിന്നേം അതിലിരട്ടിയായി പെരുകും; അടിക്കാവുന്ന എല്ലാ സ്പ്രേയും കടയായ കടേന്നെല്ലാം വാങ്ങി അടിച്ചു നോക്കി; അന്നേരമതെല്ലാം ചത്തൊടുങ്ങും; പിന്നെ അതിലിരട്ടിയായി വദ്ധിക്കും’’ റോസുകുട്ടി പറഞ്ഞു.

അച്ചന്റെ അമേരിക്കയിലെ ഒരു പള്ളിയിലെ ഇടവകാംഗമാണ് റോസമ്മയെന്ന് ഇത്രയും കാലം അറിയപ്പെട്ടിരുന്ന റോസുകുട്ടി പരാതിയായി പറഞ്ഞു നിർത്തിയത്.

നാട്ടിൽ വളരെ ദരിദ്രകുടുംബത്തിൽ ശരിക്കും ദാരിദ്ര്യമനുഭവിച്ച് ജനിച്ചു ജീവിച്ചു വളന്നതാണ് നമ്മുടെ കഥാനായിക. ജീവിതത്തിലെ ഏറ്റവും വലിയ ഒരാഗ്രഹമായിരുന്ന നല്ല ഒരു ബഗ്ലാവിൽ ജീവിക്കണമെന്നത്.

റോസമ്മയും ഭർത്താവ് ജോസഫും രണ്ടു പെൺമക്കളുമടങ്ങുന്നതാണ് അവരുടെ ചെറു കുടുംബം. ഏകദേശം ഇരുപതു വഷമായ് അവർ അമേരിക്കയിൽ ജീവിക്കാൻ തുടങ്ങിയിട്ട്. പിശുക്കന്മാരിൽ പിശുക്കനാണ് ജോസഫ്. അയാളുടെ പിശുക്ക കൊണ്ടു മാത്രമാണ് അവക്ക് അത്രയും വലിയ ഒരു വീട് ഉണ്ടാക്കാൻ സാധിച്ചതെന്നാണ് എല്ലാവരുടേയും അഭിമതം. അത് അയാളുടെ കഴിവ്.

അവൾ രജിസ്റ്റേട് നേഴ്സാണ്. രാവും പകലുമില്ലാതെ കഷ്ടപ്പെടാൻ അവൾ തയാറുമാണ്. അവൾ പാടുപെട്ടുണ്ടാക്കിയതാണ് ആ വീടെന്നാണ് അവളുടെ വിശ്വാസം. അയാൾ കമ്പനി പണിയാണ്. വലിയ വിദ്യാഭ്യാസമൊന്നുമില്ലങ്കിലും ഹൈസ്ക്കൂൾ പാസായിട്ടുണ്ട്. അമേരിക്കയിൽ വരുമ്പോൾ യേസും നോയുമല്ലാതെ ഇംഗ്ലീഷ് യാതൊന്നും പറയാൻ അയാൾക്കറിയത്തില്ലായിരുന്നു. എന്നാൽ കണ്ണുനീരോടു കൂടി രാവും പകലുമില്ലാതെ പ്രാത്ഥിക്കാൻ അയാൾക്കറിയാമായിരുന്നു.

അവർ കഷ്ടപ്പെട്ടുണ്ടാക്കുന്ന ഒരൊറ്റ ചില്ലിക്കാശുപോലും അവർ രണ്ടുപേരും വെറുതെ ചിലവാക്കി കളഞ്ഞിരുന്നില്ല. അവർ രണ്ടു പേരും കൂടെ വളരെ ആലോചിച്ചേ പണച്ചിലവെല്ലാം ചെയ്തിരുന്നുള്ളു. മക്കളുടെ വളരെയധികം ആഗ്രഹങ്ങൾ പോലും സാധിച്ചു കൊടുക്കാതെയായിരുന്നു അവർ ഇത്രയും കാലം ജീവച്ചതു തന്നെ. അതിൽ മക്കൾക്കും പല കാര്യങ്ങൾക്കും നീരസം ഉണ്ടായിരുന്നു.

അവർ ആദ്യം ഒരു എപ്പാട്ട്മെന്റിലായിരുന്നു കഴിഞ്ഞത്. എന്നാൽ ഉണ്ടാക്കുന്ന പണം വാടകയായി നഷ്ടപ്പെടുത്താതെ എത്രയും പെട്ടന്നു തന്നെ വളരെ വിലകുറഞ്ഞ ഒരു വീടു വിലയ്ക്കു വാങ്ങി. വളരെ ചുരുങ്ങിയ കാലം കൊണ്ട് അവർ അതിന്റെ വില മുഴുവൻ കൊടുത്തു തീർത്തു. ഉടനെ തന്നെ വേറൊരിടത്ത് അതിലും വലിയ ഒരു വീടു വാങ്ങി. അതുവെരെ അവർ താമസിച്ചിരുന്ന വീട് വളരെ നല്ല വിലയ്ക്കു് വിൽക്കാൻ അവക്ക് സാധിച്ചു. ഈ വീടും പെട്ടന്നു തന്നെ അവക്ക് അതിന്റെ വില മുഴുവനും കൊടുത്തു തീക്കാൻ സാധിച്ചു. വലിയ താമസം കൂടാതെ ആ വീടിന് നല്ല വില തന്ന് വാങ്ങാൻ ആൾക്കാർ വന്നപ്പോൾ അവർ വീട് വിൽക്കാൻ നിബന്ധിതരായി. പെട്ടെന്നായിരുന്നു വീടുകളുടെയെല്ലാം വിലയിടിഞ്ഞത്. ആ തക്കം നോക്കി അവർ ഈ പുതിയ വീട് കസ്റ്റംമെയിടായി ഉണ്ടാക്കാൻ സാധിച്ചു. അവരുടെ ആഗ്രഹപ്രകാരം ഓരോ മുറികളും കക്കൂസും കുളിമുറിയുമെല്ലാം ഉണ്ടാക്കിച്ചെടുക്കാൻസാധിച്ചു. ആ സ്റ്റേറ്റിലെ ഏറ്റവും വിലകൂടിയതും ഏറെ മാന്യന്മാരായിട്ടുള്ള സായിപ്പന്മാർ താമസിക്കുന്ന ഭാഗത്തു തന്നെ ഇത്രയും വില കുറഞ്ഞ് ഇത്രയും മനോഹരമായ ഒരു ബഗ്ലാവ് പണിതുയത്തുക എന്നത് വളരെ വലിയ ഒരനുഗ്രഹമായിട്ടാണ് അവരും അവർ അറിയുന്ന എല്ലാ സുഹൃത്തുക്കളും മനസ്സിലാക്കിയത്. താഴെ ഒരു ബേസ്മെന്റ്, അതിന്റെ മുകളിൽ രണ്ടു നില. നാല് വലിയ ബഡ്റൂമുകൾ. ഓരോ ബഡ്റൂമിനും ചാരത്തായി ഭുൾ ബാത്തുറൂമുകളും. താഴേ നിന്നും മുകൾ വെരെ പടികൾ ഉള്ളതു കൂടാതെ എലിവേറ്റർ വേറെ. ഓരോ വലിയ ലിവിംഗ് റൂമും, ഭാമിലി റൂമും, വലിയ ഒരടുക്കളയും കൂടാതെ മൂന്നു കാർ ഇടത്തക്ക സൗകര്യത്തിൽ മൂന്നര ഗാരേജും അതിനു ചേന്ന് വിശാലമായ ഡ്രൈവേയും കൂടാതെ പുറകിൽ വലിയ ഒരു ഡക്കും വളരെ വിസ്താരമായ പുരയിടവും അവിടെ സ്വന്തമായ കൃഷിചെയ്യാൻ വേറെ സ്ഥല സൗകര്യവും എന്നു വേണ്ട ആരു കണ്ടാലും അസൂയപ്പെടത്തക്ക കാര്യങ്ങൾ. എല്ലാം ദൈവം തമ്പുരാന്റെ വലിയ കൃപയെന്നവർ വിശ്വസിക്കുകയും പരിചയക്കാരോടെല്ലാം അങ്ങിനെ പറയുകയും ചെയ്യുന്നുണ്ട്. അവരുടെ പ്രാത്ഥനയും പരിശ്രമവും കൊണ്ടാണെന്ന് എല്ലാവരും സമ്മതിക്കുന്നുമുണ്ട്. ആരു പിരിവു വന്നാലും അവർ ആക്കും ഒന്നും കൊടുത്തിട്ടില്ലന്നത് സത്യമാണ്. എന്നാൽ പള്ളിക്ക് കയ്യയച്ച് ധാരാളമായ് അവർ കൊടുത്തിട്ടുണ്ടന്ന് അച്ചനും സമ്മതിക്കുന്നുണ്ട്.

ഈ വീട്ടിലേക്ക് വരുന്നതിന് മുമ്പ് ഏതാനം മാസങ്ങൾ അവക്ക് ഒരു വാടക വീട്ടിൽ താമസിക്കേണ്ടി വന്നെന്നുള്ള ഒരസൗകര്യം മാത്രമേ ഉണ്ടായിട്ടുള്ളു. പഴയ വീട് വിറ്റു കിട്ടിയ പണം മുഴുവനും കൂടാതെ നല്ലൊരു തുക ഇതിന് മുതൽ മുടക്കായി കൊടുത്തതു കൊണ്ട് മാസന്തോറും വളരെ കുറച്ച് ബാങ്കിലേക്ക് അടച്ചാൽ മതിയെന്നത് വളരെ വലിയ ഒരു ദൈവാനുഗ്രഹമായി. അതുകൊണ്ട് എത്രയും പെട്ടന്ന് ഈ വീടിന്റേയും തുക മുഴുവനും അടച്ചു തീക്കാൻ സാധിക്കും.

മക്കൾ രണ്ടു പേരേയും വളരെ ഉന്നതമായി പഠിപ്പിക്കാൻ, അവരുടെ വിവാഹങ്ങൾ തുടങ്ങി ഭാരിച്ച ചിലവുകൾ വീണ്ടും മുൻപിലുണ്ടെങ്കിലും ഇപ്പോഴത്തെ രീതിയിലുള്ള ചിലവിൽ കഴിഞ്ഞാൽ എല്ലാം സാധിക്കുമെന്നവക്കുറപ്പുണ്ട്.

അവക്കിപ്പോഴുള്ള രണ്ടു വണ്ടികളും പുത്തനായി വാങ്ങിച്ചതുകൊണ്ട് ആയിനത്തിൽ പാഴ് ചിലവുകളില്ല. എന്നാൽ വലിയ കാലതമാസമില്ലാതെ ഓരോ മക്കൾക്കും കാർ വാങ്ങാൻ നിബന്ധിതരാണ്.

പഴയ കാലത്ത് നമ്മുടെ നാട്ടിൻ പുറങ്ങളിൽ പല വീട്ടുകാരും പള്ളിക്ക് കരിയും എണ്ണയും കൊടുത്തിരുന്നതു മൂലം അവരുടെ വീടുകളിൽ ഇങ്ങിനെയുള്ള ഉറുമ്പു ശല്ല്യം ഉണ്ടായിട്ടില്ലന്ന കാര്യം അച്ചൻ അവരെ ബോദ്ധ്യപ്പെടുത്തി. ഉടനെ തന്നെ അവർ ധാരാളമായി കരിയും എണ്ണയും പള്ളിക്ക് നേച്ചയായി കൊടുത്തതു കൂടാതെ അവർ തീച്ചപ്പെടുത്തി മേലിലും പള്ളിക്ക് ആവശ്യമുള്ളത്ര കരിയും എണ്ണയും അവർ കൊടുത്തു കൊള്ളാമെന്ന്. പെട്ടന്നു തന്നെ ആവരുടെ ബംഗ്ലാവിലെ ഉറുമ്പു ശല്ല്യം പരിപൂണ്ണം മാറികിട്ടി.